പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5903

19-11-2019 ൽ മറുപടിക്ക്

## ഇലക്ട്രിക് വാഹന നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്.ശിവകുമാർ | ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) ഇലക്ട്രിക് വാഹനങ്ങളിലേക്കുള്ള പരിവർത്തനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; | എ) ഇലക്ട്രിക് വാഹനങ്ങളിലേയ്ക്കുള്ള പരിവർത്തനത്തിന്റെ ഭാഗമായി കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ വികസനത്തിനായി കഴിഞ്ഞ 2 വർഷമായി 16.33 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും. പുതിയ ഇലക്ട്രിക് വാഹനം നിർമ്മിക്കാനുള്ള പശ്ചാത്തലം ഒരുക്കി നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി) സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെ.എ.എൽ. 'നീം -ജി 'എന്ന പേരിൽ ഇലക്ട്രിക് ആട്ടോ നിരത്തിലിറക്കിയിട്ടുണ്ടോ; ഒറ്റത്തവണ ചാർജ്ജ് ചെയ്താൽ എത്ര കിലോ മീറ്റർ ദൂരം പ്രസ്തുത വാഹനത്തിന് ഓടാൻ കഴിയും; വിശദമാക്കുമോ; | ബി) കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് കെ.എ.എൽ. 'നീം -ജി ' എന്ന പേരിൽ ഇലക്ട്രിക് ഓട്ടോറിക്ഷയുടെ 'ഫ്ളാഗ് ഓഫ് ' നടത്തിക്കഴിഞ്ഞു. ഇത്തരം വാഹനം നിരത്തിലിറക്കി സാധാരണക്കാർക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. പ്രസ്തുത വാഹനം ഒറ്റതവണ ചാർജ്ജ് ചെയ്താൽ 90 കിലോമീറ്ററിനു മുകളിൽ ഓടാൻ സാധിക്കും. |
| സി) ഇതിന്റെ വിൽപന എപ്രകാരം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്; ഡീലർഷിപ്പിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | സി) ഈ വാഹനം ഡീലർമാർ വഴി വിൽപ്പന നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത് ആയതിലേയ്ക്ക് വേണ്ടി ഡീലർഷിപ്പിനായി അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ